ഉത്തരം

(എ & ബി) പ്രസ്തുത റോഡുകളും പാലങ്ങളും അടുത്ത കൊല്ലം നബാർഡിന് നൽകുന്ന പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

കോന്നി നിയോജകമണ്ഡലത്തിലെ അതിരുങ്കൽ അഞ്ചുമുക്ക് റോഡ് ഗതാഗതയോഗ്യമാക്കണമെന്ന ആവശ്യം

175 (3052) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലെ അതിരുങ്കൽ അഞ്ചുമുക്ക് റോഡ് ഗതാഗതയോഗ്യമാക്കാനായി അവസാനമായി ടെൻഡർ വിളിച്ച് പണി തുടങ്ങിയതെന്നാണെന്നും, ആർക്കാണ് പണി നടത്താൻ അനുമതി നൽകിയതെന്നും വ്യക്തമാക്കാമോ ;

(ബി) ഈ റോഡിന്റെ പണി പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ ;

(സി) ഇപ്പോൾ ഈ റോഡിന്റെ അവസ്ഥ എന്താണ് ;

(ഡി) ഈ റോഡ് ഗതാഗതയോഗ്യമാക്കാനായി വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു തുക ഏതേതു വർഷങ്ങളിൽ അനുവദിച്ചു എന്നും പ്രസ്തുത തുക വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ഇ) ഈ റോഡ് ഗതാഗതയോഗ്യമാക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(എഫ്) ഈ റോഡ് എത്രയുംവേഗം പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കാനാവശ്യമായ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) പ്രസ്തുത റോഡ് പി. ഡബ്ലിയു. ഡി. യുടെ അധീനതയിൽ അല്ല.

(ബി-എഫ്) ബാധകമല്ല.

കണ്ണൂർ-കക്കാട് -പുഴാതി റോഡിന്റെ ശോചനീയാവസ്ഥ

176 (3053) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ-കക്കാട്-പുഴാതി റോഡ് കാലവർഷക്കെടുതിമൂലം തകർന്നുകിടക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡിൽ മെറ്റലിംഗ്, ടാറിംഗ് ജോലികൾ ചെയ്തിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കാമോ ;

(സി) റോഡ് പുതുക്കി പണിയുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റോഡ് പുതുക്കി പണിയാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റോഡിൽ മെറ്റലിംഗ്, ടാറിംഗ് ജോലികൾ ചെയ്തിട്ട് 5 വർഷമായി.

(സി & ഡി) പ്രസ്തുത റോഡിന്റെ കി. മീ. 1/500 മുതൽ 4/500 വരെയുള്ള ഭാഗം പുതുക്കിപ്പണിയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കേശവദാസപുരം മുതൽ പ്ലാമൂട് വരെയുള്ള റോഡിന്റെയും പാലത്തിന്റെയും നിർമ്മാണം

177 (3054) ശ്രീ. ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേശവദാസപുരം മുതൽ പ്ലാമൂട് ജംഗ്ഷൻ വരെയുള്ള റോഡിന്റെ പട്ടത്തിനും പ്ലാമൂടിനും ഇടയ്ക്കുള്ള പണികൾ ചെയ്തു തീർക്കുന്നതിന് കരാറുകാരന് എന്നു വരെയാണ് സമയ പരിധി നൽകിയിരിക്കുന്നത് ;

(ബി) പണികളുടെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) 2000 മാർച്ച് 31-ാം തീയതിക്ക് മുൻപ് പണികളെല്ലാം തീർത്തിരിക്കണമെന്ന് സർക്കാർ കർശനമായി നിർദ്ദേശം നൽകുമോ ;

(ഇ) തിരുവനന്തപുരത്തെ ഗതാഗതക്കുരുക്കും അനുബന്ധ പ്രശ്നങ്ങളും മനസ്സിലാക്കി ഇങ്ങനെയുള്ള പണികൾ കൃത്യ സമയത്ത് തീർക്കുന്നതിന് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് നടപ്പിലാക്കാമോ ?

ഉത്തരം

(എ) കേശവദാസപുരം മുതൽ പ്ലാമൂട് ജംഗ്ഷൻ വരെയുള്ള റോഡിന്റെ കൊടുങ്ങാനൂർ ജംഗ്ഷനും പ്ലാമൂടിനും ഇടയ്ക്കുള്ള പണികൾ ചെയ്തു തീർക്കുന്നതിന് കരാറുകാരന് 14-4-2000 വരെയാണ് സമയ പരിധി നൽകിയിരിക്കുന്നത്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) കഴിയുന്നത്രവേഗം തീർക്കാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മുട്ടം-കായംകുളം ബസാർ റോഡ് നിർമ്മാണം

178 (3055) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റിൽ ഉൾപ്പെട്ട മുട്ടം-കായംകുളം ബസാർ റോഡ് രണ്ടു വർഷമായിട്ടും കരാർ ഉറപ്പിച്ച് പണിയാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly